നം.കെ.എസ്.എ.പിറ്റിഎ.പി.11/589/19 തീയതി:25.07.2019

# പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 15.7.2018 മുതൽ 20.6.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി പി കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.6.2019 മുതൽ 4.7.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. അരുൺ.എസ്.നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഹരികുമാർ ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീ. ഗോപാലകൃഷ്ണക്കുറുപ്പ് എൻ | 1.4.2018 മുതൽ 29.7.2018വരെയും<br>16.10.2018 മുതൽ 31.3.2019 വരെയും |
| ശ്രീമതി സുലോചന എൻ<br>*(അധിക ചുമതല)* | 30.7.2018മുതൽ 15.10.2018 വരെ |

**വൈസ് പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി സുലോചന എൻ | 1.4.2017 മുതൽ 31.3.2018 വരെ |

**സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാർ**

| | |
|---|---|
| ശ്രീ. അനീഷ് മോൻ ബി എസ് *(വികസനകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീ. സത്യവ്രതൻ എം കെ*(ആരോഗ്യം- വിദ്യാഭ്യാസം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീമതി ഷൈനിലാൽ *(ക്ഷേമകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. ഷാജു പി എ | 1.4.2018 മുതൽ 20.5.2018വരെ |
| ശ്രീ. രാജേഷ് കുമാർ പി | 21.5.2018മുതൽ 7.8.2018വരെ |
| ശ്രീ. സേതു ആർ | 8.8.2018മുതൽ 31.3.2019വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | |
|---|---|
| **കൃഷി ഓഫീസർ** | |
| ശ്രീ. അജിത്ത് വി | 1.4.2018 മുതൽ 31.7.2018 വരെ |
| ശ്രീമതി താരാ | 1.8.2018 മുതൽ 31.3.2019വരെ |
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)** | |
| ഡോ. നിഷ | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)** | |
| ഡോ. നിഷ എൽ ആർ | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ഡോ. കുമാരി അനിത | 1.4.2018 മുതൽ 31.3.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീ. രാഹുൽ ആർ | 1.4.2018 മുതൽ 28.2.2019 വരെ |
| ശ്രീമതി ലക്ഷ്മിപ്രിയ റ്റി ആർ | 29.2.2019 മുതൽ 31.3.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ. മനോജ് | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീമതി ദിവ്യ സി | 1.4.2018 മുതൽ 31.3.2018 വരെ |

| | |
|---|---|
| **വെറ്ററിനറി സർജൻ** | |
| ഡോ. ബിനി വി | 1.4.2018 മുതൽ 31.3.2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| ശ്രീമതി സുജിതാ മാത്യു | 1.4.2018 മുതൽ 31.3.2019 വരെ |
| **ഹെഡ് മിസ്ട്രസ്സ്, യുപിഎസ്, ചന്ദനക്കുന്ന്** | |
| ശ്രീമതി സിന്ധു ഭാസ്കർ | 1.4.2018 മുതൽ 31.3.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | |
| ശ്രീമതി വീണ രാജൻ എം | 1.4.2018 മുതൽ 31.3.2019 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

2 ബാലൻസ് ഷീറ്റ്- 2018-19

3 ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19

4 റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2018-19

# സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | **ഭാഗം 1: പൊതു അവലോകനം** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | അനർഹമായ ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു | 2-1 |
| 14 | സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 2-2 |
| 15 | കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 |
| 16 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-4 |
| 17 | രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| 18 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 2-6 |
| 19 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-7 |
| 20 | മതിയായ പാർക്കിംഗ് സ്ഥലമില്ലാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി | 2-8 |
| 21 | പൗൾട്രി ഫാം കെട്ടിടത്തിന് വാണിജ്യ/കച്ചവട കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി | 2-9 |
| | **ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |

| | | |
|---|---|---|
| 22 | മെഴുവേലി പഞ്ചായത്ത് ഐ.റ്റി.ഐ-യ്ക്ക് പഞ്ചായത്തിന്റെ സഹായം കിട്ടുന്നില്ല | 3-1 |
| 23 | സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയത് സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി | 3-2 |
| 24 | വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുക ചെലവഴിച്ചില്ല | 3-3 |
| 25 | ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല | 3-4 |
| 26 | എസ്.സി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്കുകൾ -പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 3-5 |
| 27 | പദ്ധതി പ്രായോഗികമല്ലന്നറിഞ്ഞിട്ടും കുടിവെള്ള പദ്ധതിയ്ക്കായ് തുക ഡെപ്പോസിറ്റ് ചെയ്തു | 3-6 |
| 28 | അഗതി രഹിത കേരളം- പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ വീഴ്ച | 3-7 |
| 29 | പൊതു ടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നു | 3-8 |
| 30 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-9 |
| 31 | ടെണ്ടർ നടപടികളിലെ അപാകത – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-10 |
| 32 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫർണ്ണീച്ചർ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-11 |
| 33 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 3-12 |
| | **ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും** | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| | | |

| | | |
|---|---|---|
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2018-19 വർഷത്തെ ബഡ്ജറ്റ് 16.2.18-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 23.3.18-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 21048597 | 10764460 | -- | 10284137 |
| വരവ് | 88345457 | 55578655 | -- | 32766802 |
| ആകെ | 109394054 | 66343115 | -- | 43050939 |
| ചെലവ് | 104583300 | 50432845 | -- | 54150455 |
| നീക്കിയിരിപ്പ് | 4810754 | 15910270 | 11099516 | --- |

ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും, യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ സ്ഥാപനത്തിലെ ഉചിതമല്ലാത്ത ധനകാര്യ മാനേജ്മെന്റിനെയാണ് സൂചിപ്പിക്കുന്നത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2018-19 | 31.7.2019 | 22.6.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് 08/07/2019-ലെ കെ.എസ്.എ.പി.റ്റി.എ.പി1/602(46)/19-നമ്പർ പ്രകാരം വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 10764460 |
| വരവ് | 55578655 |
| ആകെ | 66343115 |
| ചെലവ് | 50432845 |
| നീക്കിയിരിപ്പ് | 15910270 |

# 1-5 ഫണ്ട് വിനിയോഗം

| | *മുൻ ബാക്കി* | *തൻവർഷ വരവ്/ അലോട്ട്മെന്റ് തുക* | *ആകെ* | *ചെലവ്* |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9620696 | 9620696 | 9123611 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8480000 | 8480000 | 8480000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5879000 | 5879000 | 5718586 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2780000 | 2780000 | 1725195 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 611393 | 611393 | 4417291 |

**ബി) തനത് വരുമാനം**

| *ഇനം* | *മുൻവർഷ വരവ്* | *തൻവർഷ വരവ്* | *വ്യത്യാസം (+/-)* |
|---|---|---|---|
| നികുതി വരവുകൾ | 4281754 | 3312982 | (-)968772 |
| നികുതിയേതര വരവുകൾ | 5438164 | 10729584 | 5291420 |

| | | | |
|---|---|---|---|
| മറ്റ് വരവുകൾ | 5536920 | 6097489 | 560569 |
| ആകെ | 15256838 | 20140055 | 4883217 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *നടപ്പാക്കാത്തവ* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| 208 | 61529661 | 142 | 34846952 | 66 | 56.63 |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 36 | 8192149 | 32 | 4116221 | 50.24 |
| സേവനം | 72 | 35726426 | 46 | 19640246 | 54.97 |
| പശ്ചാത്തലം | 100 | 17611086 | 64 | 11090485 | 62.97 |
| **ആകെ** | **208** | **61529661** | **142** | **34846952** | **56.63** |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 15 | 7855025 | 3312284 | 42.16 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 4684275 | 2372741 | 50.65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 112 | 67 | 21251206 | 11239809 | 52.89 |
| വി.ഇ.ഒ-1 | 6 | 3 | 5661400 | 3949003 | 69.75 |
| വി.ഇ.ഒ-2 | 4 | 3 | 4156700 | 3247400 | 78.12 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 5 | 2988810 | 1052570 | 35.22 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ | 3 | 2 | 830806 | 594219 | 71.52 |

| | | | | | |
|---|---|---|---|---|---|
| (ആയൂർവ്വേദം) | | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 3764918 | 2744896 | 72.91 |
| കൃഷി ഓഫീസർ | 17 | 17 | 2642149 | 1471561 | 55.7 |
| വെറ്ററിനറി സർജൻ | 9 | 7 | 3705000 | 1332500 | 35.96 |
| എച്ച്.എം, ഗവ. യു.പി.എസ് | 6 | 6 | 2609372 | 2595119 | 99.45 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 6 | 5 | 1230000 | 784850 | 63.8 |
| **ആകെ** | **208** | **142** | **61529661** | **34846952** | **56.63** |

# 1-7 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1120 | 1498441 | 1499561 | 1495824 | 3737 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 13668486 | 13668486 | 13668486 | - |
| ആകെ | 1120 | 15166927 | 15168047 | 15164310 | 3737 |

# 1-8 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *പെൻഷൻ ഇനത്തിലെ ചെലവ്* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 228 | 3037200 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1094 | 13561100 |
| വികലാംഗ പെൻഷൻ | 167 | 1988800 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 30 | 380600 |
| വിധവാ പെൻഷൻ | 542 | 6391300 |
| തൊഴിൽരഹിത വേതനം | 22 | 40920 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.7.19-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 5419/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

**1. പൊതുനിയന്ത്രണം**

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എന്നാൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഐ.എസ്.ഓ സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്.

**2. അക്കൗണ്ടിംഗ് സംവിധാനം**

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

**3. ജനറൽ കമ്മറ്റി**

പഞ്ചായത്ത് കമ്മറ്റിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ, പൊതുജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കൽ മുതലായ വിവിധ വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നുണ്ട് എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**4. ഗ്രാമസഭ**

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭയുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

**5. വർക്കിംഗ് ഗ്രൂപ്പുകൾ**

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകളൊന്നും വർക്കിംഗ് ഗ്രൂപ്പിൽ നടക്കുന്നില്ല എന്ന് മിനിറ്റ്സിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രോജക്ടുകൾ തന്നെയാണ് വീണ്ടും ആവിഷ്കരിക്കുന്നത്. മാലിന്യ നിർമ്മാർജ്ജനം, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് മുതലായ പ്രൊജക്ടുകൾ ആവിഷ്കരിച്ചെങ്കിലും തൻവർഷം നടപ്പാക്കിയില്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.5.2019- 7.5.2019 | 2/2019-4/2019 | 7.5.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.4.2018 | 2013-14 മുതൽ 2017-18 വരെ | 21.6.2018 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും, പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഷെഡ്യൂൾ ബി-3-ലെ തുക മുൻ വർഷത്തെ തുക തന്നെയാണ്. വിവിധ ഫണ്ടുകളിൽ നിന്നും ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക റവന്യൂ ചെലവായി കാണിച്ചതിനാൽ, Capital Contribution ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി-11-ൽ സിമന്റ് കോൺക്രീറ്റ് റോഡുകൾ, ടാർ റോഡുകൾ എന്നിവയുടെ ആസ്തി മൂല്യം മുൻ വർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിവിധ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും, ആയതിന് തുല്യമായ ആസ്തിയുടെ മൂല്യത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടില്ല.

4. ഷെഡ്യൂൾ ഐ-6-ലെ 160100601-NREGA ശീർഷകത്തിൽ രേഖപ്പെടുത്തിയ 14643962/- രൂപ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 അനർഹമായ ഇളവ് നൽകി വസ്തുനികുതി നിർണയിച്ചു

മെഴുവേലി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ ഉടമസ്ഥതയിൽ വാർഡ് 3-ൽ കറിയാനിപ്പള്ളിയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ചതിൽ അപാകതകളുണ്ട്. കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകുകയും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ 141.89 ച.മീ.

വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ടി.കെട്ടിടം വിഭജിച്ച് 100 ച.മീ. -ൽ താഴെ വിസ്തീർണ്ണമുള്ള നാല് നമ്പറുകൾ നൽകുകയും വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണയിക്കുകയും ചെയ്തു. കൂടാതെ 20.10.17-ലെ എം.4/41/98/17 പെർമിറ്റ് പ്രകാരം നിർമ്മിച്ച 2 വർഷത്തിൽ താഴെ പഴക്കമുള്ള കെട്ടിടത്തിന് ഫോം.6-ൽ 50 വർഷത്തെ കാലപ്പഴക്കം രേഖപ്പെടുത്തുകയും അടിസ്ഥാന വസ്തുനികുതിയുടെ 50% ഇളവനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി നിർണയിച്ചത് | | | വസ്തു നികുതി നിർണയിക്കേണ്ടിയിരുന്നത് | | | വരുമാന നഷ്ടം കണക്കാക്കിയത് |
|---|---|---|---|---|---|---|---|---|
| | | അടിസ്ഥാന വസ്തു നികുതി (60/m2 നിരക്കിൽ) | വർദ്ധനവ്/ഇളവ് | ആകെ വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | അടിസ്ഥാന വസ്തു നികുതി (70/m2 നിരക്കിൽ) | വർദ്ധനവ്/ ഇളവ് | ആകെ വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | |
| 379A | 28.2 | 1692 | വഴി സൗകര്യം-20% വർദ്ധനവ് കാലപ്പഴക്കം-50% ഇളവ് | 1244 | 1974 | വഴി സൗകര്യം-20% വർദ്ധനവ് | 2487 | 1243 |
| 379B | 13.63 | 818 | “ | 601 | 954 | “ | 1202 | 601 |
| 379C | 59.69 | 3581 | “ | 2632 | 4178 | “ | 5265 | 2633 |
| 379D | 40.37 | 2422 | വഴി സൗകര്യം-20% വർദ്ധനവ് കാലപ്പഴക്കം-50% ഇളവ് ഒന്നാം നില- 5% ഇളവ് | 1691 | 2826 | വഴി സൗകര്യം-20% വർദ്ധനവ് ഒന്നാം നില- 5% ഇളവ് | 3383 | 1692 |
| **ആകെ** | 141.89 | | | 6168 | | | 12337 | 6169 |

വസ്തു നികുതി നിർണയിച്ചതിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/01.07.2109), വസ്തു നികുതി റീ അസ്സസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വസ്തുനികുതി നിർണയിച്ചതിലെ അപാകത പരിഹരിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 2-2 സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകത

ശ്രീ പുഷ്പാംഗദൻ, ഇടയിലെ പടിഞ്ഞാറ്റേതിൽ എന്നയാളുടെ ഉടമസ്ഥതയിൽ മെഴുവേലി പഞ്ചായത്ത് 8-ാം വാർഡിലുള്ള 416A, 416B, 416C, 416D, 416E, 416F നമ്പരുകളിലുള്ള കടമുറികൾ ഉൾപ്പെടുന്ന കെട്ടിടം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗഗണത്തിൽപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ആകെ 638.769 ച.മീ വിസ്തീർണ്ണം വരുന്ന ടി.കെട്ടിടത്തിൽ 2015 മുതൽ ട്രിനിറ്റി എന്ന സൂപ്പർ മാർക്കറ്റ് പ്രവർത്തിച്ചു വരികയാണ്. കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ 200

ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് ടി.വിഭാഗത്തിനു ബാധകമായ നിരക്കിൽ (ച.മീ.ന് 90/- രൂപ) വസ്തു നികുതി നിർണയിക്കുന്നതിനു പകരം കെട്ടിടത്തെ ഭാഗങ്ങളായി തിരിച്ച് 100 ച.മീ. -ൽ താഴെ വിസ്തീർണ്ണമുള്ളതാക്കുകയും വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗഗണത്തിൽപ്പെടുത്തി വസ്തു നികുതി നിർണയിക്കുകയും ചെയ്യുതുമൂലം പഞ്ചായത്തിന് വലിയതോതിലുള്ള വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | കെട്ടിട നികുതി ഈടാക്കിയത് (60/m2 നിരക്കിൽ) (5m-ൽ കൂടുതൽ വീതിയുള്ള റോഡിനുള്ള 20% വർദ്ധനവും 5% ലൈബ്രറി സെസ്സും ഉൾപ്പെടെ) | കെട്ടിട നികുതി ഈടാക്കേണ്ടിയിരുന്നത് (90/m2 നിരക്കിൽ) | വരുമാന നഷ്ടം |
|---|---|---|---|---|---|
| പുഷ്പാംഗദൻ, ഇടയിലെ പടിഞ്ഞാറ്റേതിൽ, ഇലവുംതിട്ട വാർഡ്-8 | 416A | 64.736 | 4894 | 7341 | 2447 |
| | 416B | 41.62 | 3146 | 4720 | 1574 |
| | 416C | 64.763 | 4896 | 7344 | 2448 |
| | 416D | 97.57 | 7376 | 11064 | 3688 |
| | 416E | 40.16 | 3036 | 4554 | 1518 |
| | 416F | 329.92 | 24942 | 37412 | 12470 |
| **ആകെ** | | **638.77** | **48290** | **72435** | **24145** |

വസ്തു നികുതി നിർണയിച്ചതിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/01.07.2109), വസ്തു നികുതി റീ അസ്സസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വസ്തുനികുതി നിർണയിച്ചതിലെ അപാകത പരിഹരിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 2-3 കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ

വാണിജ്യാവശ്യത്തിന മാത്രമായുള്ള 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഭാഗങ്ങളായി തിരിച്ച് 100 ച.മീ. -ൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തു നികുതി നിർണയിക്കുന്നതുമൂലം പഞ്ചായത്തിന് വലിയതോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

100ച.മീ. വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 60 രൂപയും അതേ ഗണത്തിൽപ്പെട്ട 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയുടേത് 70 രൂപയുമായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവ് | കെട്ടിട നികുതി ഈടാക്കിയത് ലൈബ്രറി സെസ്സ് ഉൾപ്പെടെ (വാണിജ്യാവശ്യത്തിനുള്ള 100m2 വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൗൺ - 60/m2 നിരക്കിൽ) | കെട്ടിട നികുതി ഈടാക്കേണ്ടിയിരുന്നത് (വാണിജ്യാവശ്യത്തിനുള്ള 100m2 ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൗൺ - 70/m2 നിരക്കിൽ) | വരുമാന നഷ്ടം |
|---|---|---|---|---|---|---|---|
| സന്തോഷ് കെ.ആർ, കറിയാനിപ്പള്ളിൽ ഹൗസ്, ഉള്ളന്നൂർ വാർഡ് -2, കുളവെട്ടിക്കൽ | 83A | 14.45 | 5മീ. ൽ കൂടുതൽ വീതിയുള്ള റോഡ് 20% | - | 1092 | 1274 | 182 |
| | 83B | 15.43 | " | - | 1167 | 1361 | 194 |
| | 83C | 11.76 | " | - | 889 | 1037 | 148 |
| | 83D | 14.7 | " | - | 1111 | 1296 | 185 |
| | 83E | 16.66 | " | - | 1259 | 1469 | 210 |
| | 83F | 16.66 | " | - | 1259 | 1469 | 210 |
| | 83G | 14.45 | " | ഒന്നാം നില 5% | 1038 | 1211 | 173 |
| | 83H | 15.45 | " | " | 1110 | 1295 | 185 |
| | 83I | 11.76 | " | " | 845 | 985 | 140 |
| | 83J | 14.7 | " | " | 1056 | 1232 | 176 |
| | 83K | 16.66 | " | " | 1197 | 1396 | 199 |
| | 83L | 32.48 | " | " | 2333 | 2721 | 388 |
| **ആകെ** | | **195.16** | | | **14356** | **16746** | **2390** |
| എം.ജി.ശങ്കുണ്ണി, പത്മവല്ലി ശങ്കുണ്ണി, മുള്ളൻ വാതുക്കൽ, ഇലവുംതിട്ട വാർഡ്-9, കയ്യംതടം | 90/A | 33.2 | 5മീ. ൽ കൂടുതൽ വീതിയുള്ള റോഡ് -20% മേൽത്തരം തറ -15% | - | 2510 | 3294 | 784 |
| | 90/B | 33.2 | " | - | 2510 | 3294 | 784 |
| | 90/C | 29 | " | - | 2192 | 2877 | 685 |
| | 90/D | 18 | " | - | 1361 | 1786 | 425 |
| | 90/E | 120 | " | ഒന്നാം നില 5% | 8618 | 11312 | 2694 |
| | 90/F | 120 | " | " | 8618 | 11312 | 2694 |
| **ആകെ** | | **353.4** | | | **17191** | **22563** | **8066** |
| അനിൽകുമാർ ടി.പി., ആരംപുളി നിൽക്കുന്നതിൽ, | 107D | 11.3 | 5മീ. ൽ കൂടുതൽ വീതിയുള്ള റോഡ് -20% | - | 854 | 997 | 143 |
| | 107H | 69.32 | " | - | 4717 | 5503 | 786 |

| | | | | | | | |
|---|---|---|---|---|---|---|---|
| തുമ്പമൺ നോർത്ത് വാർഡ്-9, കയ്യംതടം | 1071 | 65.26 | “ | - | 4440 | 5180 | 740 |
| **ആകെ** | | **145.88** | | | **10011** | **11680** | **1669** |
| പ്രസിഡന്റ്, 220-ം നമ്പർ എൻ.എസ്.എസ്. കരയോഗം മെഴുവേലി, വാർഡ്-10, നെടിയകാല | 355/A | 20 | **5മീ. ൽ കൂടുതൽ വീതിയുള്ള റോഡ് -20%** | **ദ്വിതീയ മേഖല 10%** | 1386 | 1617 | 231 |
| | 355/B | 42 | “ | “ | 2911 | 3396 | 485 |
| | 355/C | 29 | “ | “ | 2010 | 2345 | 335 |
| | 355/D | 30 | “ | “ | 2079 | 2425 | 346 |
| | 355/E | 26 | “ | “ | 1801 | 2102 | 301 |
| **ആകെ** | | **147** | | | **10187** | **11885** | **1698** |
| **ആകെ വരുമാന നഷ്ടം** | | | | | | | **13823** |

വസ്തു നികുതി നിർണയിച്ചതിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/01.07.2109), അപാകത ചൂണ്ടിക്കാണിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി റീ അസ്സസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ച എല്ലാ അസ്സസ്സ്മെന്റുകളും പരിശോധിക്കേണ്ടതും കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച്, ഈടാക്കാൻ ബാക്കിയുള്ള തുകകൾ ഈടാക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 2-4 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204പ്രകാരം, ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലോ, കലയോ, ജോലിയോ നടത്തുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമായതോ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും കേരള പഞ്ചായത്ത്രാജ് തൊഴിൽ നികുതി ചട്ടങ്ങൾ അനുസരിച്ചുള്ള അർദ്ധ വാർഷിക തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. കേരള പഞ്ചായത്ത്രാജ് ആക്റ്റ് 205A മുതൽ 205K വരെയുള്ള വകുപ്പുകൾ, കേരള പഞ്ചായത്ത്രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 1996, 13 മുതൽ 24 വരെയുള്ള ചട്ടങ്ങൾ എന്നിവയിൽ തൊഴിൽ നികുതി ഈടാക്കുവാൻ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

(a). ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | കുറിയാനിപ്പള്ളി ക്ഷീരോല്പാദന സഹകരണ സംഘം | 1st & 2nd |
| 2 | ഇലവുംതിട്ട ക്ഷീരോല്പാദന സഹകരണ സംഘം | 1st & 2nd |
| 3 | റേഷൻ കടകൾ (9-എണ്ണം) | 1st & 2nd |
| 4 | ശ്രീകൃഷ്ണ എന്റർപ്രൈസസ്, | 1st & 2nd |

| | | |
|---|---|---|
| 5 | എവർഗ്രീൻ സിൽക്ക്സ് & ലെതർ പാർക്ക് | 1st & 2nd |
| 6 | ബേക്ക് ഹൗസ്, 2/83E, R, J, L | 1st & 2nd |
| 7 | ദേവ് റൂഫിംഗ് വർക്ക്സ്, 2/119B | 1st & 2nd |
| 8 | ചക്കിട്ടയിൽ ഇവന്റ്സ്, 5/179B | 1st & 2nd |
| 9 | തോമസ് സൗണ്ട്സ്, 5/133 | 1st & 2nd |
| 10 | അദീസ് സ്റ്റേജ് & ഡെക്കറേഷൻ, 2/145 | 1st & 2nd |

കേരള പഞ്ചായത്ത്രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 1996 ചട്ടം 14-പ്രകാരം സെക്രട്ടറിയ്ക്ക് പഞ്ചായത്ത് പരിധിയുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റും വരുമാന വിവരങ്ങളും ആവശ്യപ്പെടാവുന്നതാണ്. ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിയ്ക്ക് നിയമിച്ച മുഴുവൻ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും നികുതി അടയ്ക്കാൻ ബാധ്യതഥരായ വ്യക്തികളുടെയും പേരുവിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ലിസ്റ്റ് അവരുടെ ശമ്പളത്തിന്റ/ വരുമാനത്തിന്റെ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് സഹിതം ഫോറം II-ൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമകൾക്ക് നോട്ടീസ് നൽകേണ്ടതും ആയതുപ്രകാരം നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി ചുമത്തി ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

*(b). സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുത്തില്ല.*

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും2018-19 വർഷം കേരള പഞ്ചായത്ത്രാജ് തൊഴിൽ നികുതി ചട്ടങ്ങൾ അനുസരിച്ചുള്ള അർദ്ധ വാർഷിക സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | കുറിയാനിപ്പള്ളി ക്ഷീരോല്പാദന സഹകരണ സംഘം | 1st & 2nd |
| 2 | ഇലവുംതിട്ട ക്ഷീരോല്പാദന സഹകരണ സംഘം | 1st & 2nd |
| 3 | റേഷൻ കടകൾ (9-എണ്ണം) | 1st & 2nd |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

*(c). കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.*

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും 2018-19 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ.നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | വിജയകുമാർ പി.കെ., വടശ്ശേരിക്കുന്നിൽ, കുരമ്പാല തെക്ക്, പന്തളം |

| | |
|---|---|
| 2 | കെ.കെ.രാജൻ, കാട്ടൻപറമ്പിൽ, വല്ലന |
| 3 | വിനീത് കുമാർ സി.ജെ., ചെറുവള്ളിൽ ഹൗസ്, മാത്തൂർ പി.ഒ. |
| 4 | ജിജി വർഗ്ഗീസ്, ചെമ്പലേത്ത് ഹൗസ്, ഊന്നുകൽ പി.ഒ. |
| 5 | സജി എസ്., സജി ഭവനം, ഇലവുംതിട്ട പി.ഒ. |
| 6 | പി.കെ.സുനിൽകുമാർ, പാലനിൽക്കുന്നതിൽ, മുട്ടത്തുകോണം |
| 7 | ബിനു ഡാനിയേൽ, പറമ്പേത്ത്, പന്ന്യാലി |
| 8 | ജോർജ്ജ് വർഗ്ഗീസ്, മാടപ്പള്ളിൽ, ഇലന്തൂർ |
| 9 | അരുൺ പി.എസ്., പണാറ മോഡിയിൽ, കടയ്ക്കാട് |
| 10 | രവീന്ദ്രൻ നായർ, രജനീ ഭവനം, തോട്ടക്കോണം |
| 11 | വിനീത് രാജൻ, കാട്ടൻ പറമ്പിൽ, വല്ലന |
| 12 | സജി മാത്യു, കുളങ്ങര ഹൗസ്, പ്രക്കാനം പി.ഒ. |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-5 രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ  സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.3-ൽ നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ  സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ  സ്ഥാപനങ്ങളും 2018-19 സാമ്പത്തിക വർഷം കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ  സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ  1999 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ.നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | സ്റ്റുഡന്റ്സ് ട്യൂഷൻ സെന്റർ, മെഴുവേലി |
| 2 | വിശ്വഭാരതി അക്കാദമി, മെഴുവേലി |

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 30.09.2015- ലെ സി.ആർ.എം.പി.നമ്പർ 3526/13/LA2/2015/KeSCPCR ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ

ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 267-ാം വകുപ്പ് പ്രകാരം, രജിസ്റ്റർ ചെയ്യാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനം സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിൻ മേൽ 1000/- രൂപ വരെ പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സെക്രട്ടറിയും ഭരണ സമിതിയും സ്വീകരിക്കേണ്ടതാണ്.

# 2-6 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ2018-19 വർഷം കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ ) 2012-പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല.

a). കന്നുകാലി ഫാം

| ക്രമ.നം. | ഫാമിന്റെ വിവരങ്ങൾ | മൃഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഷേർളി തോമസ്സ്, ചാണാശ്ശേരിൽ, വാർഡ്-3 | 30 |
| 2 | രാമരാജ്, രാമപുരത്ത്, ഉള്ളന്നൂർ, വാർഡ്-13 | 20 |
| 3 | മോഹൻകുമാർ, കടവങ്കോട്ട് മോഡിയിൽ | 10 |

b). പൗൾട്രി ഫാം

| ക്രമ.നം. | ഫാമിന്റെ വിവരങ്ങൾ | കോഴികളുടെ എണ്ണം |
|---|---|---|
| 1 | മത്തായി ആലക്കോട്, വാർഡ്-3 | 130 |
| 2 | പ്രസന്നകുമാർ, വാർഡ്-10 | 1000 |
| 3 | ബോബി തോമസ്സ്, വാർഡ്-13 | 4000 |

കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012-പ്രകാരം അഞ്ച് മൃഗങ്ങളിൽ കൂടുതലുള്ള കന്നുകാലി ഫാം , നൂറ് പക്ഷികളിൽ കൂടുതലുള്ള പൗൾട്രി ഫാം എന്നിവ നടത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. മേൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടതുമാണ്. ചട്ടങ്ങൾ പാലിക്കാതെയുള്ള ലൈവ് സ്റ്റോക്ക് ഫാമുകളുടെ നടത്തിപ്പ് പരിസര മലിനീകരണത്തിന് കാരണമാകുകയും അതുവഴി ജനങ്ങളുടെ സ്വൈര ജീവിതത്തിന് തടസ്സമുണ്ടാക്കുകയും ചെയ്യുമെന്നതിനാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിബന്ധനകൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഇല്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 2-7 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | കുറിയാനിപ്പള്ളി ക്ഷീരോല്പാദന സഹകരണ സംഘം |
| 2 | ഇലവുംതിട്ട ക്ഷീരോല്പാദന സഹകരണ സംഘം |
| 3 | നെടിയകാല ക്ഷീരോല്പാദന സഹകരണ സംഘം |
| 4 | റേഷൻ കടകൾ (9-എണ്ണം) |
| 5 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8 മതിയായ പാർക്കിംഗ് സ്ഥലമില്ലാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി

മെഴുവേലി വില്ലേജ്, സർവ്വേ നം. 215/5-1-ലുള്ള 607 ച.മീ ഭൂമിയിൽ 1046.75 ച.മീ. ( commercial-224.27m2,

Residential-822.48m2) വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.ബിൽജി തോമസ്, ബിൽജി ഭവൻ, കിടങ്ങന്നൂർ എന്നയാൾക്ക് 07.03.2019-ൽ 62355 നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. താഴത്തെ നിലയിൽ 224.27 ച.മീ. വാണിജ്യാവശ്യത്തിനും ഒന്നാം നിലയിലും രണ്ടാം നിലയിലുമായി പാർപ്പിടാവശ്യത്തിനുള്ള 8 അപ്പാർട്ട്മെന്റുകളും ഉൾപ്പെടുന്ന കെട്ടിടത്തിൽ പാർക്കിംഗിനായി മതിയായ സ്ഥലം മാറ്റി വച്ചിട്ടില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം.38(2) പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള പാർക്കിംഗ് സ്ഥലം ആവശ്യമാണ്.

| കൈവശാവകാശ ഗണം | പ്ലിന്ത് ഏരിയ | കാർപ്പറ്റ് ഏരിയ | | ആവശ്യമായ പാർക്കിംഗ് യൂണിറ്റ് |
|---|---|---|---|---|
| ഗണം.-F<br>വ്യവസായം/വാണിജ്യം | 222.27 | 179.41 | | 3 |
| ഗണം.-A1. അപ്പാർട്ട്മെന്റ് വീട്/ഫ്ലാറ്റ് | | | | |
| 60 ച.മീ വരെ | 67.49 | 50.79 | 2 അപ്പാർട്ട്മെന്റ് | 2 |
| | 69.80 | 55.84 | 2 അപ്പാർട്ട്മെന്റ് | |
| 60 ച.മീ മുതൽ 150 ച.മീ.വരെ | 75 | 60 | 2 അപ്പാർട്ട്മെന്റ് | 2 |
| | 79.83 | 63.30 | 2 അപ്പാർട്ട്മെന്റ് | 2 |
| സന്ദർശകർക്ക് | | | | 1 |
| ഭിന്നശേഷിക്കാർക്ക് | | | | 1 |
| **ആകെ** | | | | **11** |
| **കാറ്റഗറി 2 പഞ്ചായത്ത് ആയതിനാൽ 75% മതിയാകുന്നതാണ്** | | | | **9 യൂണിറ്റ്<br>(135 ച.മീ)** |
| **ടൂ വീലർ പാർക്കിംഗ്(25%)** | | | | **33.75 ച.മീ.<br>(12 എണ്ണം)** |

പാർക്കിംഗ് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

**(a).** കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 38(1) പ്രകാരം മോട്ടോർ കാറുകളുടെ പാർക്കിംഗിന് വേണ്ടി ഒരുക്കിയിരിക്കുന്ന തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിന്റെയും വിസ്തീർണ്ണം 15 ച.മീറ്ററിൽ ( 5.5 മീ.x2.7മീ.)കുറയാൻ പാടില്ലാത്തതാകുന്നു. എന്നാൽ പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാനിൽ തറനിരപ്പ് നിലയിൽ 6-കാറുകൾക്കുള്ള പാർക്കിംഗ് സ്ഥലം ഓരോന്നിനും 13.2ച.മീ.(5.5മീ.x2.40 മീ.) വിസ്തീർണ്ണം മാത്രമാണുള്ളത്. ഭിന്നശേഷിക്കാർക്കുള്ള കാർ പാർക്കിംഗിനായി കാണിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 9.28 ച.മീ. (4.26മീ.x2.18മീ.) മാത്രമാണ്. ചട്ടം.104(5) പ്രകാരം, കെട്ടിടത്തിന്റെ കവാടത്തിൽ നിന്നും പരമാവധി 30മീ. യാത്രാദൂരത്തിൽ ഭിന്നശേഷിയുള്ളവർക്ക് പാർക്കിം0%ഗിനായി വ്യവസ്ഥ ചെയ്യേണ്ടതും പാർക്കിംഗ് ഇടങ്ങളുടെ ചുരുങ്ങിയ വീതി 3.6 മീ.ആയിരിക്കേണ്ടതുമാണ്. നിലവിൽ 2.18 മീറ്ററോളം വീതി മാത്രമാണുള്ളത്.

**(b).** ഹാജരാക്കിയിട്ടുള്ള പ്ലാൻ പ്രകാരം 3-കാറുകൾ, 12-മോട്ടോർ സൈക്കിളുകൾ എന്നിവയുടെ പാർക്കിംഗ് സ്ഥലമായി കാണിച്ചിരിക്കുന്നത് കെട്ടിടത്തിന്റെ ചുറ്റും നിയമാനുസൃതമായും നിർബന്ധമായും ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലമാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 38(7) പ്രകാരം, നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനത്തിന് വളഞ്ഞുതിരിയുന്നതിനുള്ള സൗകര്യവുമുള്ള പക്ഷം തുറസ്സായ സ്ഥലത്തിന്റെ പരമാവധി 50% മാത്രം പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്. എന്നാൽ പാർക്കിംഗിന് ആവശ്യമായ സ്ഥലം മാറ്റി വയ്ക്കാതെ കെട്ടിടത്തിന്റെ ചുറ്റും നിയമാനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം കാറുകളുടെയും ഇരുചക്ര വാഹനങ്ങളുടെയും പാർക്കിംഗ് സ്ഥലമായി കാണിച്ചാണ് പെർമിറ്റ് നേടിയിട്ടുള്ളത്.

കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/03.07.19) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകുന്നതിന് ശുപാർശ ചെയ്ത സാങ്കേതിക വിഭാഗം എക്സി. എഞ്ചിനീയറിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് എൽ.എസ്.ജി.ഡി.എക്സി.എഞ്ചിനീയർ അന്വേഷണം നടത്തുന്നതിനും ശുപാർശ ചെയ്യുന്നു.

# 2-9 പൗൾട്രി ഫാം കെട്ടിടത്തിന് വാണിജ്യ/കച്ചവട കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി

മെഴുവേലി വില്ലേജ് സർവ്വേ നം. 259/7, 259/7-3 എന്നിവയിലായുള്ള 1092 ച.മീ ഭൂമിയിൽ 157.50 ച.മീ. വിസ്തീർണ്ണമുള്ള പൗൾട്രി ഫാം കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.എം.ഡി.കോമളൻ, മുരളി വിലാസം, മെഴുവേലി എന്നയാൾ പെർമിറ്റിന് അപേക്ഷ നൽകിയിരുന്നു. എന്നാൽ ടിയാന് ചെറുതും ഇടത്തരവും അപായ സാദ്ധ്യതയുമുള്ള വ്യവസായിക ഗണത്തിൽ(G1) ഉൾപ്പെട്ട കെട്ടിടങ്ങൾക്കുള്ള പെർമിറ്റിനു പകരം വാണിജ്യ/ കച്ചവട കെട്ടിടങ്ങൾക്കുള്ള പെർമിറ്റാണ് അനുവദിച്ചു നൽകിയത്. 23.02.2019-ൽ 67670 നമ്പരായാണ് പെർമിറ്റ് അനുവദിച്ചു നൽകിയിട്ടുള്ളത്.പൗൾട്രി ഫാമുകൾ പ്രവർത്തിപ്പിക്കുന്ന കെട്ടിടങ്ങൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 അനുസരിച്ച് ചെറുതും ഇടത്തരവും അപായ സാദ്ധ്യതയുമുള്ള വ്യവസായിക ഗണത്തിൽ(G1) ഉൾപ്പെട്ടവ ആയതിനാൽ അത്തരം കെട്ടിടങ്ങൾക്ക് വാണിജ്യ/കച്ചവട കെട്ടിടങ്ങളെ അപേക്ഷിച്ച് കൂടുതൽ നിയന്ത്രണങ്ങൾ ബാധകമാണ്. G1 ഒക്യുപൻസിയ്ക്ക് പകരം F ഒക്യുപൻസിയുള്ള പെർമിറ്റ് അനുവദിച്ചു നൽകിയതു മൂലം ചുവടെ പരാമർശിച്ചിരിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

**(a).** പൗൾട്രി ഫാം G1 ഒക്യുപ്പൻസിയിൽപ്പെട്ടതായതിനാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 59(4) പ്രകാരംകെട്ടിടത്തിന്റെ എല്ലാ വശങ്ങളിലും 3മീ. വീതം തുറസ്സായ സ്ഥലം ആവശ്യമാണ്. എന്നാൽ പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാൻ പ്രകാരം ഒരു പാർശ്വാങ്കണ ഭാഗത്ത് 1.20 മീ. തുറസ്സായ സ്ഥലം മാത്രമേയുള്ളൂ.

**(b).** വ്യവസായിക കൈവശഗണത്തിന്റെ കാര്യത്തിൽ അവയുടെ നിലകളുടെ എണ്ണം കണക്കാക്കാതെ തന്നെ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന് മുൻപ് അഗ്നിശമന ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 59(11(a)) നിഷ്കർഷിച്ചിട്ടുണ്ട് . പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പൗൾട്രി ഫാം പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടത്തിന് വാണിജ്യ/കച്ചവട കെട്ടിടത്തിനുള്ള പെർമിറ്റ് അനുവദിച്ചു നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/03.07.19) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകത സംബന്ധിച്ച് ഭരണതലത്തിൽ അന്വഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു. നിലവിൽ നൽകിട്ടുള്ള പെർമിറ്റ് റദ്ദു ചെയ്യുന്നതിനും G1 ഒക്യുപ്പൻസിയ്ക്കുള്ള പെർമിറ്റ് 2011-ലെ കേരള പഞ്ചായത്ത്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ട് അനുവദിച്ച നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഴുവേലി പഞ്ചായത്ത് ഐ.റ്റി.ഐ-യ്ക്ക് പഞ്ചായത്തിന്റെ സഹായം കിട്ടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 1980 മുതൽ ഒരു പ്രൈവറ്റ് ഐ.ടി.ഐ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ വ്യക്തമായ മേൽനോട്ടമോ ഇടപെടലുകളോ ഇല്ലാത്തതിനാൽ ഐ.ടി.ഐ യുടെ നിലവിലെ സ്ഥിതി തികച്ചും പരിതാപകരമാണ്. നാലാം വാർഡിൽ 330/3A സർവ്വേ നമ്പരിൽ 17 ആർ.സ്ഥലവും ഒരു കെട്ടിടവും, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ഐ.ടി.ഐ-യ്ക്ക് സ്വന്തമായുണ്ട്. ഇതോടൊപ്പം തന്നെ ഐ.ടി.ഐ യുടെ വർക്ക് ഷോപ്പ് പഞ്ചായത്തിനെതിർവശത്തുള്ള എസ്.എൻ.ഡി.പി കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്നു. ഡ്രാഫ്റ്റ്സ് മാൻ സിവിൽ, ഡീസൽ മെക്കാനിക്, ഫിറ്റർ എന്നീ മൂന്ന് ട്രേഡുകളാണ് ഇവിടെ പഠിപ്പിക്കുന്നത്. മൂന്നിനും എൻ.സി.വി.റ്റി യുടെ പെർമനെന്റ് അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ കോഴ്സുകൾക്ക് എൻ.സി.വി.റ്റി യുടെ No. C2/18493/87 തീയതി. 31.10.87 സർട്ടിഫിക്കറ്റ് പ്രകാരം പെർമനെന്റ് അഫിലിയേഷൻ നൽകിയിട്ടുള്ളത് പ്രിൻസിപ്പൽ, മെഴുവേലി ഗ്രാമപഞ്ചായത്ത് ഐ.ടി.ഐ യുടെ പേർക്കാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, ഐ.ടി.ഐ യുടെ അക്കാദമികമോ ഭരണപരമായോ കാര്യങ്ങളിൽ യാതൊരു ഇടപെടലും നടത്തുന്നില്ല. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനോ ഏകോപിപ്പിക്കുന്നതിനോ ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്ന് അംഗീകാരം വാങ്ങിയിട്ടില്ല. പ്രിൻസിപ്പൽ, 5 ഇൻസ്ട്രക്ടർമാർ, ഒരു ക്ലർക്ക് എന്നിവരുൾപ്പടെ ആകെ 7 പേരാണ് ജീവനക്കാർ. ഇവർക്ക് നിയതമായ സേവന വേതന വ്യവസ്ഥകളില്ല. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് മാത്രമാണ് ഏക വരുമാനം. ഈ തുക ദൈനംദിന കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനു പോലും മതിയാവുന്നില്ല. ഈ തുകയിൽ നിന്നുമാണ് അദ്ധ്യാപകരുടെ ശമ്പളവും കണ്ടെത്തേണ്ടത്. ആയതിനാൽ അദ്ധ്യാപകർ വളരെ ചുരുങ്ങിയ ശമ്പളത്തിലാണ് ജോലി ചെയ്യുന്നത്. പഞ്ചായത്തിൽ നിന്നോ ഇതര സ്ഥാപനങ്ങളിൽ നിന്നോ ഗ്രാന്റോ മറ്റ് സഹായങ്ങളോ ലഭിക്കുന്നില്ല. ഐ.ടി.ഐയുടെ പേരിൽ മെഴുവേലി സർവ്വീസ് സഹകരണ ബാങ്ക്, ഇലവുംതിട്ട ബ്രാഞ്ചിലുള്ള അക്കൗണ്ട് പഞ്ചായത്ത് പ്രസിഡന്റിന്റേയും പ്രിൻസിപ്പലിന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടായതിനാൽ അതിൽ നിന്നും തുക പിൻവലിക്കുവാൻ പഞ്ചായത്ത് പ്രസിഡന്റിന്റെ ഒപ്പ് ആവശ്യമാണെന്നതു മാത്രമാണ് പഞ്ചായത്തിന് ഐ.ടി.ഐയുമായി നിലവിലുള്ള ഏക ബന്ധം.

മൂന്ന് ട്രേഡുകളിലായി 66 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിന് അവശ്യം വേണ്ടുന്ന യാതൊരടിസ്ഥാന സൗകര്യങ്ങളും ലഭ്യമല്ല. 1980 ൽ സ്ഥാപനം തുടങ്ങിയപ്പോൾ വാങ്ങിയ ബഞ്ചുകളും ഡെസ്കുകളുമാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ഇവയിൽ പലതും കാലപ്പഴക്കംകൊണ്ട് കേടുപാടുകൾ സംഭവിച്ചവയാണ്. പുതുക്കിയ സിലബസ് പ്രകാരം വിവിധ ട്രേഡുകൾക്കു വേണ്ടുന്ന പഠനോപകരണങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. ഡീസൽ മെക്കാനിക് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഡീസൽ എൻജിനുകൾ 1980 ൽ സ്ഥാപനം തുടങ്ങിയ വർഷം വാങ്ങിയവയാണ്. സിവിൽ വിദ്യാർത്ഥികളുടെ പരിശീലനത്തിനാവശ്യമായ തിയോഡൊലൈറ്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ എന്നിവ സ്ഥാപനത്തിലില്ല. ആയത് വെളിയിൽ നിന്ന് വാടകയ്ക്ക് എടുത്താണ് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നത്. വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, അപേക്ഷ, സർട്ടിഫിക്കറ്റുകൾ ഇവ ഓൺലൈൻ സംവിധാനം വഴിയാണ് സ്വീകരിക്കുന്നതും ഇഷ്യൂ ചെയ്യുന്നതും. ആയത് സുഗമമായി നടത്തുന്നതിനാവശ്യമായ കമ്പ്യൂട്ടർ സംവിധാനമോ പ്രിന്ററുകളോ സ്ഥാപനത്തിനില്ല. ഐ.ടി.ഐ പ്രവർത്തിക്കുന്ന കെട്ടിടം 2001 ൽ ജില്ലാ പഞ്ചായത്തിൽ നിന്നും പണിത് കൊടുത്തതാണ്. കെട്ടിടത്തിന്റെ പല പില്ലറുകളുടേയും പ്ലാസ്റ്റർ ഇളകി

പൊട്ടിപ്പോളിഞ്ഞ അവസ്ഥയിലാണ്. ഡ്രോയിംഗ് ഹാളിന്റെ മേൽക്കൂര മഴ സമയത്ത് ചോർന്ന് വെള്ളം മുറിയിൽ കെട്ടിക്കിടക്കുന്ന അവസ്ഥയാണ്. ചുറ്റുപാടുകൾ കാട്പിടിച്ച് കിടക്കുന്നു.

ഐ.ടി.ഐ-യുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിന് വേണ്ടവിധത്തിൽ നോക്കി നടത്താൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. മാത്രവുമല്ല, പഞ്ചായത്ത് രാജ് നിയമം പ്രകാരം വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട കാര്യമാണ്. പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും ഇപ്രകാരമൊരു സ്വാശ്രയ സ്ഥാപനം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരപ്പെടുത്തുന്നില്ല. പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് ഗ്രാമപഞ്ചായത്ത് നടത്തി വരുന്ന സ്ഥാപനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഈ സ്ഥാപനത്തെ നിലനിർത്തിയാൽ തന്നെ സ്ഥാപനത്തിന്റെ വരവ്-ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതും അനിവാര്യമാണ്. എന്നാൽ ഈ സ്ഥാപനത്തിന്റെ വരവ്-ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെടുത്തുകയോ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനോ ഇതര ഏജൻസികളുടെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല എന്നത് ഗൗരവം അർഹിക്കുന്ന സംഗതിയാണ്. നിയമവിധേയമല്ലാതെ ഗ്രാമപഞ്ചായത്ത് ഇപ്രകാരം ഒരു സ്വാശ്രയ സ്ഥാപനം നടത്തുന്നതും ആയതിന് സമാന്തര അക്കൗണ്ടും സമാന്തര ഭരണ സംവിധാനം നിലനിർത്തുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനോടൊപ്പം ഈ സ്ഥാപനത്തെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലനിർത്തുന്നത് സംബന്ധിച്ചും സ്ഥാപനത്തിന്റെ ഭരണ സംവിധാനം എപ്രകാരമായിരിക്കണമെന്നത് സംബന്ധിച്ചും സർക്കാർ തലത്തിൽ ഉചിതമായ തീരുമാനമുണ്ടാകേണ്ടതാണ്.

## 3-2 സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയത് സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി

| പ്രോജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 201/18-19<br>(സ്പിൽ ഓവർ) | 151800/-<br>(വികസന ഫണ്ട്) | 149200/-<br>(ബിൽ നം.04/18-19 തീ:22.12.18) |

ചന്ദനക്കുന്ന് എസ്.എം.എസ്.ഗവ.യു.പി.എസ് ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി ഉള്ളന്നൂർ ഗവ.എസ്.എൻ.വി. എൽ.പി.എസിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ ഭാഗമായി ലാപ്പ്ടോപ്പ്, മൾട്ടീമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, പോർട്ടബിൾ ആംപ്ലിഫയർ, പോഡിയം, ജഫേഴ്സൺ ചെയർ എന്നിവ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ടെൻഡർ മുഖേന ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. പൊതു വിദ്യാഭ്യാസ വകുപ്പിന്റ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ..സി.ടി. ഹാർഡ്‌വേർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് സ.ഉ.(സാധാ) നം.97/2018/പൊ.വി.വ. തീയതി:06.01.18 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കപ്പെട്ടില്ല. ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**(a)** ടെൻഡറുകൾ സമർപ്പിച്ച ആൻടീകോം സിസ്റ്റംസ് റാന്നി, അവ്ലോൺ സിസ്റ്റംസ് കോട്ടയം എന്നീ സ്ഥാപനങ്ങൾക്ക് എം.എസ്.എം.ഇ. രജിസ്ട്രേഷൻ ഉള്ളതിനാൽ ഇ.എം.ഡി.ഒടുക്കുന്നതിൽ നിന്നും

ഒഴിവാക്കിയിട്ടുണ്ട്. ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടും ഇ.എം.ഡി.ഒടുക്കിയില്ലായെന്ന കാരണത്താൽ ടി.സ്ഥാപനങ്ങളുടെ ടെൻഡറുകൾ പരിഗണിച്ചില്ല.

**(b)** ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ ടെൻഡർ നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നില്ല. തൻമൂലം ടെൻഡറിൽ പങ്കെടുത്തവർ സ്പെസിഫിക്കേഷൻ പരിഗണിക്കാതെ വിലയുടെ അടിസ്ഥാനത്തിൽ മാത്രമുള്ള ടെൻഡറുകളാണ് സമർപ്പിച്ചത്. എന്നാൽ ടെൻഡറുകൾ തുറന്ന് തിരഞ്ഞെടുപ്പ് നടത്തുന്ന സമയത്ത് സ്പെസിഫിക്കേഷൻ ബാധകമാക്കിയത് കാരണം മത്സരാധിഷ്ഠത ഉറപ്പുവരുത്താനായില്ല.

**(c)** ലാപ്പ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, വൈറ്റ് ബോർഡ്, യു.എസ്.ബി.സ്പീക്കർ, ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ എന്നിവയാണ് സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഉപകരണങ്ങൾ. എന്നാൽ ഐ.സി.ടി.മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്തതും സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമില്ലാത്തതുമായ പോർട്ടബിൾ ആംപ്ലിഫയർ, പോഡിയം എന്നിവയും സാധാരണ വൈറ്റ് ബോർഡിനു പകരം ഇന്ററാക്ടീവ് വൈറ്റ് ബോർഡും പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുണ്ട്.

**(d)** സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഉപകരണങ്ങൾ ഓരോന്നിനും ചെലവഴിക്കാവുന്ന പരമാവധി തുക, വില്പനാന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് സ.ഉ.(സാധാ) നം.97/2018/പൊ.വി.വ. തീയതി:06.01.18 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണം | വാങ്ങലിനായി ചെലവഴിച്ച തുക | സർക്കാർ ഉത്തരവുകൾ പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുക | സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച തുക |
|---|---|---|---|
| മൾട്ടീമീഡിയ പ്രൊജക്ടർ | 36500/- | 23860/- | 12640/- |
| പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് | 4500/- | 4900/- | - |
| ലാപ്പ്ടോപ്പ് | 27500/- | 31000/- | - |
| ഇന്ററാക്ടീവ് ബോർഡ് | 24000/- | 7990/-<br>(വൈറ്റ് ബോർഡ്) | 16010/- |
| പോഡിയം | 8000/- | - | 8000 |
| പോർട്ടബിൾ ആംപ്ലിഫയർ | 10500/- | 770/- (യു.എസ്.ബി.സ്പീക്കർ) | 9730 |
| ജഫേഴ്സൺ ചെയർ | 35000/-<br>(20x1750) | - | - |
| കമ്പ്യൂട്ടർ ടേബിൾ | 3200/- | - | - |
| **ആകെ** | **149200/-** | | **46380/-** |

**(e)** എല്ലാ ഉപകരണങ്ങൾക്കും 5- വർഷത്തെ ഓൺസൈറ്റ് വാറന്റി ലഭ്യമാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഇന്ററാക്ടീവ് ബോർഡിന് മാത്രമാണ് 5-വർഷ വാറന്റി വാഗ്ദാനം ചെയ്തിട്ടുള്ളത്.

പ്രൊജക്ടറിന് 2-വർഷവും, ലാമ്പിന് 1- വർഷവും മാത്രമാണ് വാറന്റി. മറ്റ് ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ച് ടെൻഡറിലോ കരാറിലോ പരാമർശിച്ചിട്ടില്ല.

**(f)** ഹാർഡ്‌വേർ പരാതികൾ വിതരണക്കാർ 2- പ്രവൃത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും പരമാവധി 5-പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണെന്നും അല്ലാത്തപക്ഷം പ്രതിദിനം 100/- രൂപ നിരക്കിൽ, പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ പിഴ ഈടാക്കേണ്ടതുമാണെന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ടി.വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ:26.06.2019), നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. സ്മാർട്ട് ക്ലാസ്സ്റൂമുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല. ആർ.ജെ.എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കാവുന്നതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശുപാർശ 15.10.2018-ൽ കൂടിയ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നടപടി സ്വീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയാണുണ്ടായത്. ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ സർക്കാർ മാർഗ്ഗരേഖ അനുസരിച്ചുള്ളതാണോയെന്ന പരിശോധന നടത്തിയില്ല. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ 17.10.18-ലെ 3/9 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയതു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 46380/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുക ചെലവഴിച്ചില്ല

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ഷെഡ്യൂൾ ബി4 പ്രകാരം വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അവശേഷിക്കുന്ന തുകകളിൽ ചുവടെ പറയും പ്രകാരമാണ്-

| *ക്രമ നം* | *ഗ്രാന്റിനം* | *തുക* |
|---|---|---|
| 1 | Centrally Sponsored Scheme- ICDS | 692576 |
| 2 | Contribution for Joint Venture Projects- from Block Panchayats | 1381000 |
| 3 | Contribution for Joint Venture Projects(for rev exp)- from Block Panchayats | 1073000 |

ടി തുകകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പൂരക പോഷകാഹാരം- കേന്ദ്ര വിഹിതം ലഭിച്ചത് തൻ വർഷം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല.

2. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, അനുപൂരക പോഷകാഹാരം, ലൈഫ് (ജനറൽ, എസ്.സി.പി) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയാണ് പ്രസ്തുത ശീർഷകത്തിൽ തൻ വർഷം ലഭിച്ചത്. ആയതിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

3. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് മെഷിനറി വാങ്ങൽ (194/19) എന്ന പദ്ധതി ആവിഷ്കരിച്ചെങ്കിലും, ആയത് നടപ്പിലാക്കാതിരുന്നത് മൂലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക തൻ വർഷം ചെലഴിച്ചിട്ടില്ല.

പ്രസ്തുത തുകകൾ വകയിരുത്തിയ പദ്ധതികൾക്കായി വിനിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-4 ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി) നം.7/2016/ധന. തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്ക് വരുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച തുക അടിയന്തിരമായി ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 എസ്.സി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്കുകൾ -പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് നം.S0027/19, പ്രകാരം അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ട് (എസ്.സി.പി) 100000 രൂപയും ഗുണഭോക്തൃ വിഹിതം 33000 രൂപയും അടങ്കൽ നിശ്ചയിച്ച് 46 എസ്.സി ഗുണഭോക്താക്കൾക്ക് നൽകുവാനായി പി.വി.സി വാട്ടർ ടാങ്ക് വാങ്ങിയിരുന്നു. ടെണ്ടർ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കായ 2892/- രൂപ ക്വോട്ട് ചെയ്ത അരുൺ പോളിമേഴ്സ് (വിശ്വ ശാന്തി നഗർ, മധുര) എന്ന സ്ഥാപനമാണ് ടാങ്ക് സപ്ലൈ ചെയ്തത്. ഈ പദ്ധതി പരിശോധിച്ചതിൽ പ്രധാനമായും രണ്ട് അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വാങ്ങിയ 46 ടാങ്കുകളിൽ 45 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. 1 ടാങ്ക് വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ ഗുണഭോക്തൃ വിഹിതവും ഈടാക്കിയിട്ടില്ല. ഗുണഭോക്താക്കളെ പൂർണ്ണമായും കണ്ടെത്താതെ പദ്ധതി രൂപീകരിച്ചതിനാലാണ് ടാങ്ക് യഥാസമയം വിതരണം ചെയ്യാൻ പറ്റാഞ്ഞത്. രണ്ടാമതായി ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനത്തിന് കൊടുക്കേണ്ട തുക പൂർണ്ണമായി കൊടുത്ത് തീർത്തിട്ടില്ല. 133000 രൂപ സാധനം സപ്ലൈ ചെയ്ത ഡീലർക്ക് നൽകേണ്ടിടത്ത് ബിൽ റെഫറൻസ് നം.1805065201480882 തീയതി 23.03.19 പ്രകാരം 26241 രൂപ മാത്രമേ നൽകിയിട്ടുള്ളൂ. വാട്ടർ ടാങ്കുകൾ പൂർണ്ണമായും ലഭിച്ചെങ്കിലും എസ്.സി.ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്താതെ പദ്ധതി അടങ്കൽ നിശ്ചയിച്ചതിനാലാണ് തുക പൂർണ്ണമായും കൊടുത്തു തീർക്കാൻ കഴിയാതിരുന്നത്. ഭാവിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ഇപ്രകാരമുള്ള വീഴ്ചകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 പദ്ധതി പ്രായോഗികമല്ലന്നറിഞ്ഞിട്ടും കുടിവെള്ള പദ്ധതിയ്ക്കായ് തുക ഡെപ്പോസിറ്റ് ചെയ്തു

പഞ്ചായത്തിലെ നാലാം വാർഡിലുൾപ്പെട്ട പാറപ്പാട്ട്മോടി കോളനി പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം രൂപീകരിച്ച പദ്ധതിയാണ് ഞാമക്കുഴി മാവിനാൽ പാറപ്പാട്ട്മോടി കുടിവെള്ള പദ്ധതി. അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ഈ പദ്ധതി (പ്രോജക്ട് നം. S0029/19) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക നിക്ഷേപിച്ച് ഡെപ്പോസിറ്റ് പ്രവൃത്തിയായി പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഇതിനായി 800000 രൂപ വികസന ഫണ്ട് (എസ്.സി.പി) അടങ്കൽ വകയിരുത്തിയിരുന്നു. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം കുഴൽകിണർ നിർമ്മാണം, പമ്പിംഗ് സിസ്റ്റം, ഇലക്ട്രിഫിക്കേഷൻ, ഡിസ്ട്രിബ്യൂഷൻ സംവിധാനം സ്ഥാപിക്കൽ എന്നീ നാല് പ്രവർത്തികളാണ് കുടിവെള്ള പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്. പാറപ്പാട്ട്മോടി കോളനി പ്രദേശത്ത് കുഴൽകിണർ നിർമ്മിച്ച് ജലസ്രോതസ്സ് കണ്ടെത്തുന്നതാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള ആദ്യ പ്രവർത്തി. ഈ പ്രദേശത്ത് ജല സ്രോതസ്സ് കണ്ടെത്തുന്നതിനായി കുഴൽ കിണർ നിർമ്മിക്കുന്നതിന് മുന്നോടിയായി ഭൂജല പര്യവേഷണം നടത്തേണ്ടതാണെന്ന് ഭൂജല വകുപ്പ് 6-10-18 ൽ നം.ജി.ഡബ്ല്യു.ഡി/1450/18/പി.റ്റി.എ കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിക്കുകയും ആയതിന്റെ ഫീസായി 1840 രൂപ ചെല്ലാൻ മുഖേന അടവാക്കി അസൽ ഹാജരാക്കുന്നതിനും നിർദ്ദേശം നിൽകി. ടി തുക പഞ്ചായത്ത് ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഭൂജലപര്യവേഷണം നടത്തി ലഭ്യമായ വിവരങ്ങൾ പ്രകാരം ടി സ്ഥലം കുഴൽക്കിണർ നിർമ്മാണത്തിനനുയോജ്യമല്ലെന്ന് ഭൂജല വകുപ്പ് 11.01.2019 ലെ നം. ജി.ഡബ്ല്യു.ഡി/1450/18/പി.റ്റി.എ കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചിരുന്നു.പദ്ധതി ഫീസിബിൾ അല്ല എന്ന് വ്യക്തമായെങ്കിലും പദ്ധതിയിൽ യാതൊരു വ്യത്യാസവും വരുത്താതെ എസ്റ്റിമേറ്റ് തുകയായ 800000 രൂപ ബിൽ നം.18050652014701358263 തീയതി.13.03.19 പ്രകാരം മാറി ഭൂജലവകുപ്പിലേക്ക് ഒടുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/27.6.19), പുതിയ സ്ഥലത്ത് പര്യവേഷണം നടത്തി പുതുക്കിയ എസ്റ്റിമേറ്റ് ഭൂജല വകുപ്പ് സമർപ്പിച്ചുവെന്ന് മറുപടി നൽകിയെങ്കിലും, ആയത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. കുടിവെള്ള പദ്ധതിയുടെ അടിസ്ഥാന ഘടകമായ ജല സ്രോതസ്സ് പോലും ലഭ്യമാകില്ല എന്ന് വ്യക്തമായ നിർദ്ദേശം ലഭിച്ചിട്ടും അനുയോജ്യമായ സ്ഥലം കണ്ടെത്താതെ, മുൻ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നിക്ഷേപിച്ചത്, എങ്ങനെയും തുക ചെലവഴിക്കണമെന്ന ലക്ഷ്യം മാത്രം മുൻനിർത്തിയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ, നടപ്പിലാക്കാൻ കഴിയാത്ത പദ്ധതിയ്ക്കായി ചെലവഴിച്ച് 800000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-7 അഗതി രഹിത കേരളം- പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ വീഴ്ച

അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളേയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായുള്ള അഗതി രഹിത കേരളം എന്ന ഏകീകൃത പദ്ധതി നടപ്പാക്കുന്നതിനായി മെഴുവേലി ഗ്രാമപഞ്ചായത്തിന് കെ.എസ്.13100/എൽ/2018 തീയതി.31.05.19 പ്രകാരം സർക്കാർ അനുമതി ലഭിച്ചിരുന്നു. 75 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്ന കർമ്മ പദ്ധതിയുടെ ധന വിനിയോഗം ചുവടെ ചേർക്കും പ്രകാരമാണ് വിഭാവനം ചെയ്തിരുന്നത്.

| | | |
|---|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | 75 | |
| സേവനങ്ങൾ | ഭക്ഷണം | 1839600 |
| | ചികിത്സ | 681600 |
| | വസ്ത്രം | 0 |
| | വീട് | 6400000 |
| | | |

| | | |
|---|---|---|
| | ഭൂമി | 400000 |
| | കുടിവെള്ളം | 40000 |
| | വിദ്യാഭ്യാസം | 80000 |
| | ശൗചാലയം | 54000 |
| | വീട് പുനരുദ്ധാരണം | 1025000 |
| | വൈദ്യുതി | 160000 |
| | തൊഴിൽ/ തൊഴിൽ പരിശീലനം | 9000 |
| | പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവ് | 4500 |
| | കൗൺസെലിംഗ് | 60000 |
| | റിസർവ്വ് ഫണ്ട് | 75000 |
| | മറ്റ് ചെലവുകൾ | 15000 |
| | മെഡിക്കൽ ക്യാമ്പ് | 75000 |
| | ആകെ | 10918700 |
| | വകയിരുത്തിയ ചലഞ്ച് ഫണ്ട് | 2685800 |
| | ആശ്രയ പദ്ധതിയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക | 429588 |

ഇപ്രകാരമുള്ള ഒരു ബൃഹത് പദ്ധതിയാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. തൻ വർഷം വികസനഫണ്ടിൽ നിന്നും 500000 രൂപ ആദ്യഗഡുവായി കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 2018-19 ൽ പദ്ധതിപ്രകാരമുള്ള ആകെ ചെലവ് പോഷക കിറ്റ് വിതരണത്തിന് 10500 രൂപയും മെഡിക്കൽ ക്യാമ്പ് നടത്തിയ വകയിൽ 1925 രൂപയും മാത്രമാണ്. പദ്ധതിയിൽ വിഭാവനം ചെയ്ത മറ്റ് യാതൊരു സഹായവും ഗുണഭോക്താക്കൾക്ക് നൽകുവാൻ സാധിച്ചിട്ടില്ല. ഓരോ കുടുംബത്തിനും വേണ്ടി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള പരിചരണ പാക്കേജുകൾ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | മരുന്ന് ആവശ്യമായ വ്യക്തികൾ | 75 പേർ |
| 2 | വീട് | 16 കുടുംബങ്ങൾ |
| 3 | വസ്ത്ര വാങ്ങി നൽകേണ്ടത് | 2 “ |
| 4 | വിദ്യാഭ്യാസത്തിന് സഹായമാവശ്യമായവർ | 8 വിദ്യാർത്ഥികൾ |
| 5 | വീട് അറ്റകുറ്റപ്പണി | 16 കുടുംബങ്ങൾ |
| 6 | കുടിവെള്ളം ലഭ്യത ഇല്ലാത്തത് | 4 കുടുംബങ്ങൾ |
| 7 | ടോയിലറ്റ് ആവശ്യമായത് | 4 കുടുംബങ്ങൾ |
| 8 | ഇലക്ട്രിഫിക്കേഷൻ | 16 കുടുംബങ്ങൾ |

പ്രസ്തുത പരിചരണ പാക്കേജിൻ പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിൽ പദ്ധതി പൂർണ്ണമായും പരാജയപ്പെട്ടു. ഇത് അഗതി രഹിത കേരളം പദ്ധതിയുടെ നടത്തിപ്പിൽ വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണത്തിന് ഓരോ പ്രവർത്തിക്കും പ്രത്യേകമായി ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കേണ്ടതും അതിൻ പ്രകാരം അഗതി പുനരധിവാസ പ്രവർത്തനം ക്രമീകരിക്കേണ്ടതുമാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഭരണ സമിതിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ്

കമ്മിറ്റിയും പദ്ധതി നിർവ്വഹണത്തിൽ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്. പദ്ധതി പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ കുടുംബശ്രീ സംസ്ഥാന/ ജില്ലാ മിഷനുകൾക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

# 3-8 പൊതു ടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നു

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 183 ടാപ്പുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം 83 രൂപ ചെലവഴിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി -ലാണ് സംയുക്തപരിശോധന നടത്തിയിട്ടുള്ളത്. പ്രസ്തുത പരിശോധനയിൽ പൊതുടാപ്പുകൾ ഉപയോഗപ്രദമാണെന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ലെ പരിശോധനക്ക് ശേഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സംയുക്ത പരിശോധനയോ പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിനോ/ ഇവയുടെ വെള്ളക്കരം ഒഴിവാക്കുന്നതിനോ യാതൊരുനടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പൊതുടാപ്പുകളേക്കാൾ ഗാർഹിക കണക്ഷന് മുൻഗണന നൽകണമെന്നും അപ്രകാരം ചെയ്ത ശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ ക്രമേണ നിർത്തലാക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ [ജി.ഒ.(എം.എസ്)362/2013തീയതി 16.11.2013] അനുബന്ധം 1 ഖണ്ഡിക നം (8) ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശവും പഞ്ചായത്ത് പാലിച്ചിട്ടില്ല. ഇപ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷന് നൽകുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചും, സംയുക്തപരിശോധന നടത്തിയും പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-9 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 11.1 (x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പദ്ധതികളും അവയുടെ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം* | *അടങ്കൽ* | *നടപ്പിലാക്കിയത്* | *ചെലവഴിച്ച തുക* | *ലാപ്സായ തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| 14 | 3530000 | 9 | 1725195 | 1804805 | 48.87 |

ചെലവായ തുകയുടെ ഏകദേശം 49 ശതമാനവും മരുന്നുകൾ വാങ്ങാനാണ് ചെലവഴിക്കപ്പെട്ടത്. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികളായ പി.എച്ച്.സി മെയിന്റനൻസ് , 71,72 നമ്പർ അംഗൻവാടികളുടെ മെയിന്റനൻസ് , ഗവ. വെൽഫയർ യു.പി.എസിന്റെ മെിന്റനൻസ് എന്നീ

ഉപേക്ഷിക്കപ്പെട്ടത് ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു. പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ടെൻഡർ നടപടികളിലെ അപാകത- പഞ്ചായത്ത് ഫണ്ടിനു നഷ്ടം

| പ്രോജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 32/18-19 | 200000/-<br>(റോഡിതര മെയിന്റൻസ് ഗ്രാന്റ്) | 188400/-<br>(ബിൽ നം.05/18-19 തീ:22.12.18) |

പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ചന്ദനക്കുന്ന് എസ്.എം.എസ്.ഗവ.യു.പി.എസ് ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രകാരം ഗവ.എസ്.എൻ.പി. എൽ.പി.എസ്. ഉള്ളന്നൂർ, ഗവ.മോഡൽ എൽ.പി.എസ്.മെഴുവേലി, ഗവ.ജി.വി.എൽ.പി.എസ്. മെഴുവേലി, എസ്.എം.എസ്. ഗവ.യു.പി.എസ്.ചന്ദനക്കുന്ന് എന്നീ സ്കൂളുകൾക്ക് ഒന്നു വീതം പ്രിന്റർ, സ്പീക്കർ സെറ്റ്, യു.പി.എസ്, എക്സ്റ്റൻഷൻ കോഡ് എന്നിവയും പതിനഞ്ച് ജഫേഴ്സൺ മോഡൽ കസേരകളും വാങ്ങി നല്കിയിട്ടുണ്ട്. ടെൻഡർ നടപടികൾ മുഖേന ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**(a)** ടെൻഡറുകൾ സമർപ്പിച്ച ആൻട്രീകോം സിസ്റ്റംസ് റാന്നി, അവ്ലോൺ സിസ്റ്റംസ് കോട്ടയം എന്നീ സ്ഥാപനങ്ങൾക്ക് എം.എസ്.എം.ഇ. രജിസ്ട്രേഷൻ ഉള്ളതിനാൽ ഇ.എം.ഡി.ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടും ഇ.എം.ഡി.ഒടുക്കിയില്ലായെന്ന കാരണത്താൽ ടി.സ്ഥാപനങ്ങളുടെ ടെൻഡർ പരിഗണിച്ചില്ല.

**(b)** അനു ട്രേഡ് ലിങ്ക്സ്, അടൂർ, ആൻട്രീകോം സിസ്റ്റംസ്,റാന്നി, അവ്ലോൺ സിസ്റ്റംസ്,കോട്ടയം ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം എന്നീ നാല് സ്ഥാപനങ്ങൾ പങ്കെടുത്ത ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിരുന്നത് അനു ട്രേഡ് ലിങ്ക്സ്, അടൂർ എന്ന സ്ഥാപനമായിരുന്നിട്ടും ടി.സ്ഥാപനത്തെ ഒഴിവാക്കി കൂടുതൽ തുക ക്വാട്ട് ചെയ്ത ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തി. ഇരു സ്ഥാപനങ്ങളും ക്വാട്ട് ചെയ്ത തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഉപകരണത്തിന്റെ പേര് | എണ്ണം | ടെൻഡറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക | |
|---|---|---|---|
| | | അനു ട്രേഡ് ലിങ്ക്സ് | ആർ.ജെ.എന്റർപ്രൈസസ് |
| ലേസർ പ്രിന്റർ | 4 | 50100/- (4x12525) | 54000/- (4x13500) |
| സ്പീക്കർ | 4 | 3160/- (4x790) | 4400/- (4x1100) |
| 1 KVA UPS | 4 | 22000/- | 22800/- (4x5700) |

| | | | |
|---|---|---|---|
| | | (4x5500) | |
| ജെഫേഴ്സൺ ചെയർ വിത്ത് റൈറ്റിംഗ് പാഡ് | 60 | 89400/- (60x1490) | 105000/- (60x1750) |
| എക്സ്റ്റൻഷൻ കോഡ് | 4 | 2200/- (4x550) | 2200/- (4x550) |
| **ആകെ** | | **166860/-** | **188400/-** |

ടെൻഡറിൽ എറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ അനു ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തെ കാരണം ഒന്നും കൂടാതെ ഒഴിവാക്കി ആർ.ജെ.എന്റർപ്രൈസസിൽ നിന്നും വാങ്ങൽ നടത്തിയതുവഴി 21540/- രൂപ അധികമായി ചെലവഴിക്കേണ്ടി വന്നു. ടെൻഡർ നടപടികളിലുണ്ടായ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13 തീ:26.06.2019), നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ടെൻഡറിൽ എറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കുക വഴി പഞ്ചായത്ത് ഫണ്ടിനു നഷ്ടമുണ്ടാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സമർപ്പിക്കപ്പെട്ട ടെണ്ടറുകളെ അടിസ്ഥാനമാക്കി ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥയാണ്. അനു ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനം രണ്ട് സ്പെസിഫിക്കേഷനിലുള്ള യു.പി.എസുകൾ ടെണ്ടറിൽ കാണിച്ചിരുന്നു. ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ രണ്ട് സ്പെസിഫിക്കേഷനിലുള്ള യു.പി.എസുകളുടെയും തുക കൂട്ടിയെടുക്കുകയും ടി തുക മൊത്തം അടങ്കൽ തുകയെക്കാളും കൂടുതലായി വരികയും ചെയ്തതു മൂലം ടി സ്ഥാപനത്തിന്റെ ടെണ്ടർ നിർവ്വഹണ ഉദ്യോഗസ്ഥ പരിഗണിച്ചില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ പിഴവ് മൂലം ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ സ്ഥാപനം ഒഴിവാക്കപ്പെടാനും കൂടുതൽ തുക രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കപ്പെടാനും ഇടയാക്കി. സ്മാർട്ട് ക്ലാസ്സ്റൂമുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശുപാർശ അംഗീകരിച്ച് നടപടി സ്വീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുക മാത്രമാണുണ്ടായത്. അധികമായി ചെലവഴിച്ച 21540/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയുടെ പിഴവ് മൂലം ഉണ്ടായ ടി നഷ്ടം ടിയാളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതെയിരിക്കാൻ വാങ്ങൽ നടപടിക്രമങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടലും നിരീക്ഷണവും ഉണ്ടാവേണ്ടതാണ്.

# 3-11 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫർണിച്ചർ -മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| പ്രോജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 31/18-19 | 780000<br>(എസ്.സി.പി) | 779947<br>(ബിൽ നം.18/17-18 തീ:12.01.18) |

ചന്ദനക്കുന്ന് എസ്.എം.എസ്.ഗവ.യു.പി.എസ് ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. 156 വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്റ്റീൽ മേശയും സ്റ്റീൽ കസേരയും 779947/-രൂപ ചെലവഴിച്ച് KADCO-യിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഒരു വിദ്യാർത്ഥിയ്ക്ക് മേശയും കസേരയും നൽകുന്നതിന് 4999.66/- രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളത്.

പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് 5000/- രൂപ വരെ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നും ഒരു വിദ്യാർത്ഥിയ്ക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂയെന്നും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടുള്ളവർക്ക് വീണ്ടും ആനുകൂല്യത്തിന് അർഹതയില്ലെന്നും സ.ഉ.(എം.എസ്)നം.22/2018/തസ്വഭവ തീ:14/02/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫർണീച്ചറുകൾ നൽകിയ വിദ്യാർത്ഥികൾക്ക് മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നും നേരത്തെ ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, കോളേജ് വിദ്യാഭ്യാസം നടത്തുന്ന ചുവടെ കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. (സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പാക്കിയ ടി പദ്ധതിയുടെ ലിസ്റ്റിൽ കോളേജ് വിദ്യാർത്ഥികൾ എപ്രകാരമാണ് കടന്നുകൂടിയത് എന്ന് വ്യക്തമല്ല.)

| | |
|---|---|
| ഹരിത പി.എ. | ബിരുദ വിദ്യാർത്ഥിനി, സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി |
| അനൽ രാജ് എൻ. | ബിരുദ വിദ്യാർത്ഥി, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട |
| വിഷ്ണു റ്റി.വി. | ബിരുദ വിദ്യാർത്ഥി, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട |

പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ:26.06.2019), നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. അനർഹരായ കുട്ടികൾക്ക് ഫർണീച്ചർ നൽകുന്നതിന് ചെലവഴിച്ച 14999 രൂപ (3x4999.66) ഓഡിറ്റ് നിരാകരിക്കുന്നു. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 779947 രൂപയിൽ നിന്നും നിരാകരിച്ച 14999 രൂപ കഴിച്ച് ബാക്കിയുള്ള 764948 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

# 3-12 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

2018-19-ൽ പഞ്ചായത്ത് വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്. വിവരങ്ങൾ താഴെ ചേർക്കുന്നു-

| *ക്രമ നം.* | *പ്രോജക്ടിന്റെ പേര്* | *തുക നിക്ഷേപിച്ച സ്ഥാപനം* | *തുക* | *ബിൽ നം./ തീയതി* |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (14/19) | വൈദ്യുതി ബോർഡ് | 185673/- | 42/18-19/ 25.2.19 |
| 2 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (192/19) | വൈദ്യുതി ബോർഡ് | 299988/- | 44/18-19/ 25.2.19 |
| 3 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (13/19) | വാട്ടർ അതോറിറ്റി | 111000/- | 30/18-19/19.12.18 |
| | | ആകെ | 596661/- | |

പ്രസ്തുത പ്രവൃത്തികൾക്ക് സ്ഥാപനവുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും, പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. പദ്ധതികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്നുമുണ്ടാകേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 596661/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *ലഭിച്ച തുക* | *പ്രോജക്ടിന്റെ പേര്* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 333000 | ലൈഫ് ഭവന പദ്ധതി | 333000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 50000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിന് സബ്സിഡി | 100000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 500000 | ബഡ് സ്കൂൾ- പ്രാരംഭ പ്രവർത്തനങ്ങൾ | 0 | 500000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 50000 | അഗതി രഹിത കേരളം | 0 | 50000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 100000 | കറവ പശുകൾക്ക് കാലിത്തീറ്റ | 100000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 600000 | ഗ്യാസ് ക്രിമറ്റോറിയം | 0 | 600000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 337203 | ലൈഫ് ഭവന പദ്ധതി | 337203 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് വേണ്ടി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും | 0 | 500000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 300000 | അനുപൂരക പോഷകാഹാരം | 300000 | 0 |

| | | | | |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 400000 | 66-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 400000 | 0 |
| | | | | |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| *പ്രോജക്ട്* | *നിക്ഷേപിച്ച സ്ഥാപനം* | *തുക* | *വൗച്ചർ നമ്പർ, തീയതി* | *പൂർത്തീകരണ വിവരങ്ങൾ* |
|---|---|---|---|---|
| 14/19-സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | 185673 | 42/18-19/ 25.2.2019 | പൂർത്തീകരിച്ചില്ല |
| 192/19-സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | 299988 | 14/18-19/ 25.2.2019 | പൂർത്തീകരിച്ചില്ല |
| 13/19- പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | വാട്ടർ അതോറിറ്റി | 111000 | 30/18-19/ 19.12.2018 | പൂർത്തീകരിച്ചില്ല |

പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | സ.ഉ(കൈ.) 100/18/ തസ്വഭവ തീ. 30.7.2018 | 489719 | --ഇല്ല-- | -ഇല്ല- | -ഇല്ല- | 489719 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| *ഫിക്സഡ് ഡിപ്പോസിറ്റ് നമ്പർ* | *നിക്ഷേപിച്ച തുക* | *നിക്ഷേപിച്ച സ്ഥാപനം* |
|---|---|---|
| | | |

--ഇല്ല-

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7 | 2013-14 | 5.3,5.6 | മിനി വ്യവസായ എസ്റ്റേറ്റിലെ കെട്ടിടത്തിന്റെ ശോച്യാവസ്ഥ | പരാമർശം നിലനിൽക്കുന്നു |
| 2012-13 | 3-11 | 2013-14 | 5.10 | ആട്ട ഗ്രാമം പദ്ധതി- തുക വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു | പരാമർശം നിലനിൽക്കുന്നു |

# 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** <u>**സംക്ഷിപ്ത വിവരം**</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 66343115 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50432845 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36539 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2207989 |

**(ബി)** <u>**ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-10 | | 21540/- | ശ്രീമതി സിന്ധു ഭാസ്കർ, എച്ച്.എം |
| 3-11 | | 14999/- | ശ്രീമതി സിന്ധു ഭാസ്കർ, എച്ച്.എം |
| | | 36539/- | |

**(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-2 | 46380/- | ശ്രീമതി സിന്ധു ഭാസ്കർ, എച്ച്.എം |
| 3-6 | 800000/- | ശ്രീ. കെ സന്തോഷ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 764948/- | ശ്രീമതി സിന്ധു ഭാസ്കർ, എച്ച്.എം |
| 3-12 | 596661/- | ശ്രീ. സേതു ആർ, സെക്രട്ടറി |
| **ആകെ** | **2207989/-** | |

**(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| ഇല്ല | |

**(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| *പേര്, ഉദ്യോഗപ്പേര്* | *സ്ഥിരവിലാസം* | *ഓഡിറ്റ് വേളയിലെ വിലാസം* |
|---|---|---|
| ശ്രീമതി സിന്ധു ഭാസ്കർ, എച്ച്.എം | ലീനാ ഭവൻ, മെഴുവേലി പി.ഒ | എച്ച്.എം, എസ് എം എസ് യുപിഎസ്, ചന്ദനക്കുന്ന് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി2/322/98/ | 1 |

| | | |
|---|---|---|
| | തീയതി 07-10-99 | |
| 1997-98 | എൽ.എഫ്.പി.റ്റി.എ. പി2/938/99/ തീയതി 06-9-00 | - |
| 1998-99 | എൽ.എഫ്.പി.റ്റി.എ. പി2/581//01 തീയതി 29-10-01 | - |
| 1998-99(ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി2/216/99/ തീയതി 08-03-00 | 5 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി2/709/99/ തീയതി 14-03-00 | 6 |
| 1999-00 | എൽ.എഫ്.പി.റ്റി.എ. പി2/864/01/ തീയതി 02-02-01 | 17 |
| 2000-01 | എൽ.എഫ്.പി.റ്റി.എ. പി2/230/02/ തീയതി 11-10-02 | 19 |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/222/05/ തീയതി 11-08-05/ 14-10-05 | 1 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി3/339/04/ തീയതി 07-01-05 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/537/06/ തീയതി 15-09-06/09-02-07 | 5 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി6/894/08/ തീയതി 30-09-08 | 11 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി5/365/10/ തീയതി 02-06-11 | 12 |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി5/939/11/ തീയതി 20-12-11/5-6-13 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി5/940/11/ തീയതി 19-12-11/5-6-13 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി5/380/12/ തീയതി 26-05-12/5-6-13 | 5 |
| 2009-10 | എൽ.എഫ്.പി.റ്റി.എ. പി5/382/11/ തീയതി 26-05-12/5-6-13 | 3 |
| 2010-11 | എൽ.എഫ്.പി.റ്റി.എ. പി5/383/11/ തീയതി 26-05-12/5-6-13 | 3 |
| 2011-12 | എൽ.എഫ്.പി.റ്റി.എ. പി11/210/14 തീയതി 11-08-2014 | - |
| 2012-13 | എൽ.എഫ്.പി.റ്റി.എ. പി11/1062 /14 തീയതി 05-11-2014 | 8 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ.പി11/296/2016 | 26 |

| | | |
|---|---|---|
| & 2014-15 | തീയതി 23-03-2016 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി11/1204/2016 തീയതി 17-11-2016 | 26 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി11/895/2017 തീയതി 27-07-2017 | 14 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി11/1404/2018 തീയതി 16-10-2018 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി11-589/2019 തീയതി 25.7.19

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

No.KSA.PTA.P11-589/2019 Date:25.7.19

## CERTIFICATE

Certified that I have examined the Annual Financial Statement of **Mezhuvely Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made thereunder and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Mezhuvely Grama Panchayat** for the year 2018-19 except the observations in para 1-12 of my report properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**